സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന

50 (383) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിലവിൽ ഏതൊക്കെ ഭാഗ്യക്കുറികളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭാഗ്യക്കുറികളിലോരോന്നിന്റേയും ആകെ ടിക്കറ്റുകൾ എത്രയാണെന്നും സമ്മാനങ്ങൾ എത്രയാണെന്നും അവ എത്ര രൂപയുടേതാണെന്നും ഓരോ ഭാഗ്യക്കുറിയുടെയും ആകെ ടിക്കറ്റുകളുടെ വിലയും സമ്മാനങ്ങളുടെ തുകയും, തമ്മിലുള്ള അനുപാത ശതമാനമെത്രയാണെന്നും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള സമ്മാനഘടനയിൽ മാറ്റം വരുത്തുവാനും ജനങ്ങളിൽനിന്നും ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ അറുപതു ശതമാനമെങ്കിലും സമ്മാനങ്ങളിലൂടെ ജനങ്ങൾക്കു നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ കൈരളി, മാവേലി, പെരിയാർ, സൗഭാഗ്യ എന്നീ ഭാഗ്യക്കുറികൾ നടത്തുന്നു. കൂടാതെ എല്ലാ മാസവും കൈരളി ഭാഗ്യക്കുറിയോടൊപ്പം ബംബർ, സൂപ്പർബംബർ ലോട്ടറികളും നടത്തുന്നുണ്ട്.

(ബി) വിൽപ്പനയുടെ തോതനുസരിച്ചാണ് ടിക്കറ്റുകൾ അച്ചടിക്കുന്നത്. കൈരളി ഭാഗ്യക്കുറിയ്ക്ക് 18 ലക്ഷവും മാവേലി, പെരിയാർ, സൗഭാഗ്യ എന്നീ ഭാഗ്യക്കുറികൾക്ക് 15 ലക്ഷം ടിക്കറ്റുകളുമാണ് വിൽപ്പനലക്ഷ്യം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വിൽപ്പനയുടെ തോതനുസരിച്ച് കൈരളിക്ക് 12 ലക്ഷം, മാവേലിക്ക് 6.75 ലക്ഷം, പെരിയാർ, സൗഭാഗ്യ എന്നിവയ്ക്ക് 8.25 ലക്ഷം ടിക്കറ്റുകളുമാണ് അച്ചടിക്കുന്നത്. മാവേലി, കൈരളി എന്നീ ടിക്കറ്റുകളുടെ മുഖവില 5 രൂപയും, പെരിയാർ, സൗഭാഗ്യ എന്നീ ടിക്കറ്റുകളുടെ മുഖവില 10 രൂപയുമാണ്. ഇതിൽ മൊത്തം വരുമാനത്തിന്റെ 46% കൈരളിക്കും, 43% മാവേലിക്കും, 33% പെരിയാറിനും, 32% സൗഭാഗ്യക്കും സമ്മാനമായി നൽകുന്നു. വിൽപ്പനയുടെ തോതനുസരിച്ച് സമ്മാനങ്ങളുടെ എണ്ണം കൂടിയും കുറഞ്ഞും വരുന്നതാണ്.

(സി) സമ്മാന ഘടനയിൽ കാലാനുസൃതമായി മാറ്റം വരുത്താറുണ്ട്. മൊത്തം വരുമാനത്തിന്റെ 10% മുതൽ 12% മാത്രമാണ് ഭാഗ്യക്കുറിയിൽനിന്നും സർക്കാരിനു ലാഭമായി കിട്ടുന്നത്. ബാക്കി 88% തുകയും പൊതുജനങ്ങൾക്കും ഏജന്റുമാർക്കും വിൽപ്പനക്കാർക്കും നടത്തിപ്പുചെലവുകൾക്കായുമാണ് വിനിയോഗിക്കുന്നത്. ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 60% സമ്മാനമായി മാത്രം നൽകിയാൽ സർക്കാരിനു നഷ്ടം സംഭവിക്കുന്നതാണ്.

ഓഡിറ്റ് കമ്മീഷന്റെ രൂപീകരണവും പ്രവർത്തനവും

51 (384) ശ്രീ. പി. രാഘവൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly